# പ്രധാനമന്ത്രിയുടെ യുണൈറ്റഡ് അറബ് എമിറേറ്റ്സ് സന്ദർശനം (ഫെബ്രുവരി 13-14, 2024)

ഫെബ്രുവരി 10, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2024 ഫെബ്രുവരി 13, 14 തീയതികളിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ് സന്ദർശിക്കും.

2. 2015 മുതൽ പ്രധാനമന്ത്രി മോദി നടത്തുന്ന ഏഴാമത്തെ യുഎഇ സന്ദർശനമാണിത്. കഴിഞ്ഞ എട്ട് മാസത്തിനിടയിൽ മൂന്നാം തവണയാണ് അദ്ദേഹം യുഎഇയിൽ എത്തുന്നത്. സന്ദർശന വേളയിൽ പ്രധാനമന്ത്രി യുഎഇ പ്രസിഡന്റ് ഷെയ്ക്ക് മുഹമ്മദ് ബിൻ സയെദ് അൽ നഹ്യാനുമായി ഉഭയകക്ഷി സംഭാഷണങ്ങൾ നടത്തും. രാജ്യങ്ങൾ തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ദൃഢമാക്കാനും വികസിപ്പിക്കാനും ശക്തിപ്പെടുത്താനും ഉള്ള മാർഗ്ഗങ്ങൾ ഒരു നേതാക്കളും ചർച്ച ചെയ്യുകയും ഇരു കൂട്ടർക്കും താൽപ്പര്യമുള്ള പ്രാദേശിക, അന്താരാഷ്ട്ര വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയും ചെയ്യും.

3. യുഎഇയുടെ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. അദ്ദേഹത്തിന്റെ ക്ഷണ പ്രകാരം ദുബായിൽ നടക്കുന്ന ലോക സർക്കാർ സമ്മേളനം 2014-ൽ അതിഥിയായി പങ്കെടുത്ത് പ്രധാനമന്ത്രി മുഖ്യ പ്രഭാഷണം നടത്തും.

4. അബുദാബിയിലെ ആദ്യത്തെ ഹിന്ദു മന്ദിറായ ബാപ്സ് മന്ദിർ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. അബുദാബിയിലെ സയെദ് സ്പോർട്സ് സിറ്റിയിൽ നടക്കുന്ന പരിപാടിയിൽ അദ്ദേഹം യുഎഇയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും.

5. ശക്തമായ രാഷ്ട്രീയ, സാംസ്കാരിക, സാമ്പത്തിക ബന്ധങ്ങളിലൂടെ ഊഷ്മളമായ അടുത്ത ബന്ധമാണ് വിവിധങ്ങളായ മേഖലകളിൽ ഇന്ത്യയും യുഎഇയും തമ്മിലുള്ളത്. 2015 ഓഗസ്റ്റിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎയിൽ നടത്തിയ ചരിത്രപരമായ സന്ദർശനത്തിൽ, രണ്ട് രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ ഒരു സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർന്നു. 2022 ഫെബ്രുവരിയിൽ ഇരു രാജ്യങ്ങളും ഒരു സമഗ്രമായ സാമ്പത്തിക പങ്കാളിത്ത

ഉടമ്പടിയിലും (CEPA) രാജ്യങ്ങൾ തമ്മിലുള്ള ഇടപാടുകൾക്കായി ഇന്ത്യൻ രൂപയും എഇഡിയും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ 2023 ജനുവരിയിൽ ഒരു പ്രാദേശിക കറൻസി സെറ്റിൽമെന്റ് (LCS) സിസ്റ്റത്തിലും ഒപ്പിട്ടു.

6. ഇരു രാജ്യങ്ങളും ഏറ്റവും വലിയ വ്യാപാര പങ്കാളികളാണ്. 2022-23-ൽ ഏതാണ്ട് 85 ബില്യൻ യുഎസ് ഡോളറിന്റെ ഉഭയകക്ഷി വ്യാപാരമാണ് നടന്നിട്ടുള്ളത്. 2022-23-ലെ നേരിട്ടുള്ള വിദേശ നിക്ഷേപങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ ആദ്യത്തെ 4 നിക്ഷേപകരിൽ ഒന്നാണ് യുഎഇ.

7. ഏറ്റവും വലിയ പ്രവാസി സമൂഹമായി ഏതാണ്ട് 3.5 ദശലക്ഷം ഇന്ത്യക്കാരാണ് യുഎഇയിലെ വിവിധ മേഖലകളിൽ ശക്തമായ സാന്നിധ്യമായി ഉള്ളത്. യുഎഇയുടെ വികസനത്തിൽ അവരുടെ സംഭാവന വളരെ വലുതും മൂല്യവത്തുമാകുമ്പോൾ തന്നെ യുഎഇയുമായുള്ള ഇന്ത്യയുടെ മികച്ച ഉഭയകക്ഷി ബന്ധത്തിൽ അവർ വലിയ പങ്ക് വഹിക്കുകയും ചെയ്യുന്നു.

**ന്യൂഡൽഹി**
**ഫെബ്രുവരി 10, 2024**